## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3529. 08-11-2019-ലെ മറുപടിക്ക്.

**<u>അസാപ്-ന് അനുവദിച്ച തുക</u>**

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. വി. എസ്. ശിവകുമാർ

ഡോ. കെ.ടി. ജലീൽ
(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | 2018-19 സാമ്പത്തിക വർഷം അസാപ് (അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം) -ന് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) | 2018-19 സാമ്പത്തിക വർഷത്തിൽ 282.20 കോടി രൂപയാണ് അനുവദിച്ചു നൽകിയത്. |
| ബി) | 2019 മാർച്ച് 31വരെ എത്ര ശതമാനം തുകയാണ് ചെലവഴിച്ചതെന്ന് വിശദമാക്കാമോ; | ബി) | 34.45% (97.22 കോടി) രൂപയാണ് ചെലവഴിക്കപ്പെട്ടത്. |
| സി) | മുഴുവൻ തുകയും ചെലവഴിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ? | സി) | അസാപ്പിന് 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിൽ പ്രധാന ചെലവ് ശീർഷകങ്ങൾ ആയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളുടെ നിർമ്മാണത്തിനും അസാപ് നടത്തി വരുന്ന ട്രെയിനിംഗ് സംബന്ധിച്ച പ്രവർത്തനങ്ങൾക്കുമായി 250.71 കോടി രൂപയും ഭരണ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കും കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും സർവ്വീസിങ്ങിനും വാങ്ങലുകൾക്കുമായി 31.49 കോടി രൂപയുമാണ് വകയിരുത്തിയത്. ഇതിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾക്കായി 2018-19 വർഷത്തിലേക്ക് 151.49 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. എന്നാൽ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി കുറവായതിനാൽ ഇതിൽ നിന്നും 34.19 കോടി രൂപയാണ് ചെലവായത്. ട്രെയിനിംഗ് ഏജൻസികൾക്കായുള്ള തുക വകയിരുത്തുന്നത് അസാപ്പിൽ ചേരാൻ സാധ്യതയുള്ള വിദ്യാർത്ഥികളുടെ എണ്ണവും ഏജൻസികൾ ടെൻഡർ സമയത്ത് ക്ലെയിം ചെയ്യാൻ സാധ്യതയുള്ളതുമായ ഫീസിന്റെയും അടിസ്ഥാന ത്തിലാണ്. ഇതിൽ ഉണ്ടായ ഏറ്റക്കുറച്ചിലുകൾ കാരണം വകയിരുത്തിയ 99.22 കോടി രൂപയിൽ 41.94 കോടി രൂപ മാത്രമേ ട്രെയിനിംഗ് ഏജൻസികൾക്ക് നൽകിയിട്ടുള്ളൂ. ഭരണ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി വകയിരുത്തിയ 31.49 കോടി രൂപയിൽ 21.09 കോടി രൂപയാണ് ചെലവഴിക്കപ്പെട്ടത്. |

സെക്ഷൻ ഓഫീസർ